കേരളത്തിലെ ജനപക്ഷ
ദൃശ്യമാദ്ധ്യമ സംസ്കാരത്തിന്റെ
തുടക്കം: ശശികുമാർ

# മലയാളത്തിന്റെ പിൻവിളികൾ



**ഇ**ന്ത്യയിലെ ആദ്യത്തെ സ്വകാര്യ പ്രാദേശിക ഭാഷാ ടെലിവിഷൻ ചാനലായ ഏഷ്യാനെറ്റിന്റെ സ്ഥാപക ചെയർമാൻ എന്ന നിലയിലാവും മലയാളികൾ ശശികുമാറിനെ കൂടുതൽ പരിചയിച്ചിട്ടുണ്ടാവുക. എളിയനിലയിൽ തുടങ്ങി, വലിയ പ്രതിസന്ധികളെ അതിജീവിച്ച് വിജയത്തിലേക്ക് കുതിക്കുമ്പോഴാണ് വ്യക്തിപരമായ കാരണങ്ങളാൽ ശശികുമാർ ഏഷ്യാനെറ്റിനോട് വിടപറഞ്ഞത്. ദീർഘകാലം താൻ പ്രവർത്തിച്ച 'ദൂരദർശന്റേതിൽ നിന്ന് തീർത്തും വ്യത്യസ്തമായ ജനകീയമായൊരു ടെലിവിഷൻ സംസ്കാരത്തിന് കേരളത്തിൽ തുടക്കമിട്ടയാൾ, പിന്നീട് മറ്റൊരു ചാനലിനുപകരം ഇന്ത്യയിലെ ഏറ്റവും മികച്ച ജേർണലിസം കോളേജിന്റെ സ്ഥാപകനാവുകയായിരുന്നു. മാദ്ധ്യ

## ദൃശ്യമാദ്ധ്യമ ചിന്തകളിലും സ്വപ്നങ്ങളിലും കേരളീയരുടെ ഒരുവേള, ഇന്ത്യാക്കാരുടെ തന്നെ ഒരുകാതം മുമ്പേ നടന്ന ശശികുമാർ തന്റെ പിന്നിട്ട കാലത്തെക്കുറിച്ച് മനസ്സു തുറക്കുന്നു

**■ ശശികുമാർ/ഒ.കെ. ജോണി**

മപ്രവർത്തനത്തിൽനിന്ന് മാദ്ധ്യമപരിശീലകനിലേക്കുള്ള ചുവടുമാറ്റത്തിന്റെ കാരണമെന്തെന്ന് ഞാൻ ശശിയോട് ആരാഞ്ഞു. അതേത്തുടർന്നുണ്ടായ ഒരു ദീർഘസംഭാഷണത്തിന്റെ ഒരേകദേശ സംഗ്രഹമാണ് ചുവടെ.

ഒരിക്കൽ ചെയ്തത് വീണ്ടും ആവർത്തിക്കുന്നതിൽ കാര്യമില്ല. ഏഷ്യാനെറ്റിന്റെ ചുവടുപിടിച്ച് നിരവധി ചാനലുകൾ മലയാളത്തിലുണ്ടായി. മാദ്ധ്യമരംഗത്തു തന്നെ പ്രസക്തമായ വേറെയും നിരവധി കാര്യങ്ങൾ ചെയ്യാനുണ്ട്. മാദ്ധ്യമപ്രവർത്തകർക്കും മാദ്ധ്യമങ്ങൾക്കുതന്നെയും പുതിയൊരു ദിശാബോധം നൽകുക എന്നതും പ്രധാനമാണ്. വാസ്തവത്തിൽ ഏഷ്യാനെറ്റിന്റെ കാലത്തുതന്നെ പുതിയ തലമുറയിലെ മാദ്ധ്യമ പ്രവർത്തകർക്കായി ഒരു പരിശീലനകേന്ദ്രം തുടങ്ങുന്നതിനെപ്പറ്റി ആലോചിച്ചിരുന്നു. 'ഹിന്ദു'വിന്റെ എൻ. റാമുമായി അതിന്റെ ആവശ്യകതയെപ്പറ്റി വളരെക്കാലം നടത്തിയ ചർച്ചകളുടെ പരിസമാപ്തിയാണ് 'ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം.' തൊഴിലെന്ന നിലയിൽ ജേർണലിസം പഠിപ്പിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഇന്ത്യയിലുണ്ട്. എന്നാൽ, ജേർണലിസം എന്തിനുവേണ്ടിയായിരിക്കണം എന്ന തെളിഞ്ഞ കാഴ്ചപ്പാടില്ലാത്തവർ മാദ്ധ്യമരംഗത്ത് കൂടിവരികയാണ്. ജേർണലിസത്തിന്റെ സാമൂഹിക പ്രതിബദ്ധതയും ജനാധിപത്യപ്രക്രിയയിൽ അതു നിർവ്വഹിക്കേണ്ട സവിശേഷമായ ഉത്തരവാദിത്വങ്ങളും മിക്കപ്പോഴും വിസ്മരിക്കപ്പെടുന്നു. വെറും കരിയറിസ്റ്റുകളായ മാദ്ധ്യമപ്രവർത്തരെയല്ല; നമ്മുടെ കാലത്തിന്റെയും സമൂഹത്തിന്റെയും സങ്കീർണ്ണതകളെ നേരിടാനും ജനപക്ഷത്തുനിന്നുകൊണ്ട് അപഗ്രഥിക്കാനും ശേഷിയുള്ള മാദ്ധ്യമപ്രവർത്തകരെയാണ് ഇന്ന് നമുക്കാവശ്യം. അതിനുവേണ്ടിയുള്ള പരിശ്രമങ്ങളും മാദ്ധ്യമ പ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ്.

ഭാഗ്യവശാൽ, ഏഷ്യാനെറ്റിൽ കെ. ജയചന്ദ്രനെപ്പോലെ സത്യസന്ധതയും ആത്മാർത്ഥതയും തൊഴിൽപരിചയവുമുള്ള മികച്ച ജേർണലിസ്റ്റുകളുടെ ഒരു നല്ല ടീം ഞങ്ങൾക്കുണ്ടായിരുന്നു. ഇവരുടെ ശ്രമഫലമാണ് ഏഷ്യാനെറ്റിനെ ഇതര മാദ്ധ്യമങ്ങളിൽനിന്ന് വ്യത്യസ്തമാക്കിയത്. മാദ്ധ്യമ ദൗത്യത്തെപ്പറ്റിയുള്ള ഞങ്ങളുടെ കാഴ്ചപ്പാടുകൾക്ക് സമാനതയുണ്ടായിരുന്നു. അതുകൊണ്ട് അവിടെ അടിച്ചേൽപ്പിക്കലിന്റെ പ്രശ്നമുണ്ടായിരുന്നില്ല. ഒരു കൂട്ടായ യത്നമായിരുന്നു, അത്. ഇത്തരമൊരു ജനകീയ കാഴ്ചപ്പാടുള്ള പത്രപ്രവർത്തകരെ പരിശീലിപ്പിച്ചെടുക്കാനാണ് 'ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം' പരിശ്രമിക്കുന്നത്.

'റെസ്പോൺസിബിൾ ജേർണലിസ'ത്തെക്കുറിച്ചും 'മീഡിയ റിനൈസൻസിനെ'ക്കുറിച്ചുമാണ് സെമിനാറുകളിലും ചർച്ചകളിലും ശശി ഈയിടെയായി കൂടുതലും ആവർത്തിച്ചുപറയുന്നത്. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും ഇന്നത്തെ സാഹചര്യത്തിൽ ഇപ്പറഞ്ഞ രണ്ടു സംഗതികൾക്കും എന്തെങ്കിലും സാദ്ധ്യതയുണ്ടോ?

തീർച്ചയായുമുണ്ട്. വെറും കാഴ്ചക്കാരുടെയോ സന്ദേശവാഹകരുടെയോ റോളല്ല മാദ്ധ്യമപ്രവർത്തകരുടേത്. അങ്ങനെയാണെന്ന് നടിച്ചുകൊണ്ട് അവർ ചെയ്യുന്നത് ചില പ്രത്യേക ആശയങ്ങളുടെ പുനരുൽപ്പാദനവും സ്ഥിരീകരണവുമാണ്. മാദ്ധ്യമരംഗത്തു പറഞ്ഞുകേൾക്കുന്ന 'നിഷ്പക്ഷത', 'വസ്തുനിഷ്ഠത' എന്നിവയുടെയെല്ലാം പിന്നിൽ അപായകരമായ പ്രത്യയശാസ്ത്ര താല്പര്യങ്ങളുണ്ട്. വസ്തുനിഷ്ഠതയുടെ മറവിൽ ഒരു പ്രത്യേക പ്രത്യയശാസ്ത്രം തന്നെയാണ് അടിച്ചേൽപ്പിക്കപ്പെടുന്നത്. 'നിഷ്പക്ഷത'യുടെ കാര്യവും ഇതുതന്നെ.

### 'എനിക്ക് പക്ഷപാതമുണ്ട്'

ഏഷ്യാനെറ്റ് സജീവമായിരുന്ന കാലത്ത് പല അഭ്യുദയകാംക്ഷികളും എന്നോട് രഹസ്യമായി ചോദിച്ചത്, ഏഷ്യാനെറ്റ് ഒരു ഇടതുപക്ഷ ചാനലാണെന്ന ആരോപണം ഉണ്ടല്ലോ എന്നായിരുന്നു. അത് ഭയപ്പെടേണ്ടതോ ലജ്ജിക്കേണ്ടതോ ആയ ഒരു ആരോപണമല്ല. അഭിമാനിക്കാവുന്ന പ്രശംസയാണെന്നായിരുന്നു, എന്റെ മറുപടി. ചാനലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രേക്ഷകർ തിരിച്ചറിയാതിരിക്കുന്നതാണ് വാസ്തവത്തിൽ അപകടകരം. വാർത്തകളിലും വിശകലനങ്ങളിലും കണിശമായ ജനകീയപക്ഷപാതിത്വം പുലർത്താനായിരുന്നു ഞങ്ങൾ ശ്രമിച്ചത്. അത് ഇടതുപക്ഷപാതിത്വമായി ജനങ്ങൾ തിരിച്ചറിയുകയായിരുന്നു. ഈ പക്ഷപാതിത്വം പ്രേക്ഷകരിൽനിന്ന് ഒളിച്ചുവയ്ക്കാൻ ആഗ്രഹിക്കാതിരുന്നതുകൊണ്ടാണ് സഖാവ് ഇ.എം.എസ്സിന്റെ ' എന്റെ നോട്ടത്തിൽ' എന്ന പ്രശസ്തമായ പ്രതിവാരപംക്തി സംപ്രേഷണം ചെയ്യാൻ ഞങ്ങൾ മുതിർന്നത്. അരമണിക്കൂർനേരം, വിക്കുള്ള ഒരാളുടെ പ്രഭാഷണം ടിവിയിൽ ജനം കണ്ടിരിക്കുമോ എന്ന് ചാനൽ നടത്തിപ്പുകാർ സ്വാഭാവികമായും സംശയിക്കാനിടയുണ്ട്. എന്നാൽ, മലയാളികൾ അത് കേട്ടിരിക്കും എന്ന് എനിക്കുറപ്പുണ്ടായിരുന്നു. മറ്റൊരു രീതിയിൽപ്പറഞ്ഞാൽ അവർ ഈ ശബ്ദം കേൾക്കണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. അവരതുകേട്ടു.

പക്ഷപാതിത്വങ്ങൾ മറച്ചുവയ്ക്കുന്നതല്ല; വെളിപ്പെടുത്തുന്നതാണ് ശരിയായ ജേർണലിസം എന്നാണ് എന്റെ വിശ്വാസം. ഞാൻ നിഷ്പക്ഷനല്ല; എനിക്കു പക്ഷപാതിത്വങ്ങളുണ്ട്. എന്റെ ഏതു പ്രവൃത്തിയിലും അതു പ്രതിഫലിയ്ക്കുകയും ചെയ്യും.

ശശിയുടെ ഇടതുപക്ഷ രാഷ്ട്രീയം ടെലിവിഷൻ പോലൊരു ജനപ്രിയ മാദ്ധ്യമത്തിന് താങ്ങാവുന്നതിലും വലിയ ബാദ്ധ്യതയാവില്ലേ?


ഒരു പാർട്ടി ചാനലൊന്നുമല്ല ഞാൻ ഉദ്ദേശിച്ചതും പരീക്ഷിച്ചതും. അത് പാർട്ടി തന്നെ ചെയ്യേണ്ടതാണ്. കേരളത്തിൽ പുരോഗമന–നവോത്ഥാന മൂല്യങ്ങളെ കാലാനുസൃതമായി മുന്നോട്ടു നയിക്കാൻ ആഗ്രഹിക്കുന്ന ഒരു മാദ്ധ്യമത്തിന് ഇടതുപക്ഷാഭിമുഖ്യം ഒരു ബാദ്ധ്യതയല്ല; വലിയൊരു സാദ്ധ്യതയാണ്. ഏഷ്യാനെറ്റിന്റെ ചെറിയ കാലയളവിലെ അനുഭവം അതാണു വ്യക്തമാക്കുത്. 'എന്റെ കേരളം' പോലൊരു ട്രാവൽ ഡോക്യുമെന്ററി പരമ്പര, കേരളത്തിന്റെ പതിവുമട്ടിലുള്ള ഒരു ടൂറിസ്റ്റ് ഗൈഡല്ല, കേരളത്തെ സംബന്ധിച്ച ഒരു രാഷ്ട്രീയ പ്രസ്താവം കൂടിയാണത്. രവിയെപ്പോലെ മുതിർന്ന ഒരു മാർക്സിയൻ

ചിന്തകൻ കൂടിയായ മാദ്ധ്യമപ്രവർത്തകനാണ് അതു ചെയ്യത്, വെറുമൊരു സ്റ്റുഡിയോ പ്രൊഡ്യൂസറല്ല. ഈ വ്യത്യാസം പ്രധാനമാണ്.

ഇടതുപക്ഷചാനലെന്ന് ഏഷ്യാനെറ്റിന് തുടക്കത്തിലുണ്ടായിരുന്ന 'ദുഷ്‌പേര്' ഇന്നിപ്പോൾ ഇടതുപക്ഷത്തിന്റെ സ്വന്തം ചാനലിനുപോലുമില്ല. കമ്പോള ചാനലുകളുടെ ജനപ്രിയ സംസ്കാരം തന്നെയല്ലേ അവയും പുനരുല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്? ഈ വൈപരീത്യത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

സത്യമാണത്. സങ്കടകരവും. ഇക്കാര്യത്തിൽ ഞാനും നിരാശനാണ്, 'കൈരളി'യുടെ ആരംഭത്തിൽ ഞാനതുമായി സഹകരിച്ചിരുന്നു. കച്ചവടലക്ഷ്യം മാത്രമുള്ള സ്വകാര്യചാനലുകളുടെ കമ്പോളസംസ്കാരത്തെ പ്രതിരോധിക്കുന്ന ഒരു ഇടതുപക്ഷചാനൽ എന്ന സങ്കല്പം ഇനിയും അവശേഷിക്കുകയാണ്. ജനങ്ങൾക്ക് വിനോദവും വേണം. എന്നാൽ, ആ വിനോദം ബുദ്ധിശൂന്യവും സംസ്കാരത്തെ ദൂഷിപ്പിക്കുന്നതുമാവരുത്. നിർഭാഗ്യവശാൽ, ഈ കാഴ്ചപ്പാടുള്ള ഒരു ചാനൽ നമുക്കില്ല. ജനപ്രിയസംസ്കാരമെന്നത് ജനവിരുദ്ധമായ സംസ്കാര വ്യവസായത്തിന്റെ സൃഷ്ടിയാണ്. നമ്മൾ തന്നെ അതിന്റെ പ്രയോക്താക്കളായാൽ എന്തു പുരോഗമനമാണുണ്ടാവുക?

'കൈരളി'യ്ക്ക് എന്താണു സംഭവിച്ചതെന്ന്, ഞാനിപ്പോൾ അതിലില്ലാത്തതുകൊണ്ട് അറിയില്ല. കാര്യമറിയാതെ കുറ്റം പറയുന്നതും ശരിയല്ലല്ലോ. എന്തായാലും ഇടതുപക്ഷത്തിന് അനുകൂലമായ വാർത്തകൾ നൽകിക്കൊണ്ടുമാത്രം 'ഇടതുപക്ഷചാനൽ' എന്നവകാശപ്പെടാനാവില്ല. ഇടതുപക്ഷ സംസ്കാരത്തെക്കുറിച്ചാകെയുള്ള ഒരു സമഗ്രബോധത്തോടെയുള്ള പ്രോഗ്രാമിങ് വേണം. അത് എത്ര എളുപ്പമല്ല; അസാദ്ധ്യവുമല്ല. നമുക്കൊരു കാഴ്ചപ്പാടും അതിനോട് കടപ്പാടുമുണ്ടെങ്കിൽ കുറെയൊക്കെ നല്ല കാര്യങ്ങൾ ചെയ്യാനാവും. പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ (പി.ടി.ഐ.) ഒരു ടെലിവിഷൻ പ്രൊഡക്ഷൻ വിഭാഗം രൂപീകരിച്ചപ്പോൾ എനിക്കായിരുന്നു അതിന്റെ ചുമതല. പി.ടി.ഐ.-ടിവി ദൂരദർശനുവേണ്ടി നിർമ്മിച്ച മിക്ക പരിപാടികളും ഇടതുപക്ഷ വീക്ഷണത്തിലുള്ളവയായിരുന്നു. ഉദാഹരണത്തിന്, ഞാൻ അവതരിപ്പിച്ചിരുന്ന 'മണി മാറ്റേഴ്സ്'. സി.പി. ചന്ദ്രശേഖറും പ്രഭാത് പട്നായിക്കും ജയാതിഘോഷുമൊക്കെയായിരുന്നു അതിന്റെ ഉള്ളടക്ക വിവരണവും വിശകലനവും തയ്യാറാക്കിയത്. സർക്കാരിന്റെ സാമ്പത്തിക നയങ്ങളോട് വിയോജിപ്പു പ്രകടിപ്പിക്കുന്ന ആ പ്രതിവാരപംക്തി, സർക്കാർ ചാനലിൽത്തന്നെയാണല്ലോ തടസ്സമേതുമില്ലാതെ പ്രത്യക്ഷപ്പെട്ടുക്കൊണ്ടിരിക്കുന്നത്. അപ്പോൾ, നമ്മുടെ കാഴ്ചപ്പാടും കമിറ്റുമെന്റുമാണ് പ്രധാനം.


ഒരു പഴയ ചിത്രം

ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ 'സെക്യുലർ' സ്വഭാവമാർജ്ജിച്ച നമ്മുടെ മാദ്ധ്യമങ്ങളെല്ലാം വർഗീയതയെ പ്രീണിപ്പിക്കുകയാണിപ്പോൾ. അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കും രാഷ്ട്രീയ ലക്ഷ്യങ്ങളുള്ള മതപുനരുദ്ധാരണ ശ്രമങ്ങൾക്കും മാദ്ധ്യമങ്ങൾ പിന്തുണ നൽകുകയാണ്. ക്രിമിനൽ കുറ്റങ്ങൾക്ക് വല്ലപ്പോഴും പിടികൂടപ്പെടുമ്പോൾ മാത്രമാണ് 'ആൾ ദൈവങ്ങളെ, തള്ളിപ്പറയാൻ ഈ മാദ്ധ്യമങ്ങൾ തയ്യാറാവുന്നത്. ഇതൊരു പരിഷ്കൃത സമൂഹത്തിന്റെ ലക്ഷണങ്ങളാണെന്ന് പറയാനാവുമോ?

## ലയോളയിലെ പഠനകാലം

അപായകരമായ ഒരു പ്രവണതയാണിത്. രാമായണവും മഹാഭാരതവും ദൂരദർശനിൽ പ്രദർശിപ്പിച്ചുകൊണ്ട് ഹിന്ദുവർഗീയതയെ ഉദ്ദീപിപ്പിക്കാൻ രാജീവ്ഗാന്ധി നടത്തിയ ശ്രമം ആ പാർട്ടിക്കുതന്നെ പിന്നീട് വിനയായി. മാദ്ധ്യമങ്ങൾ വർഗീയതയെ പിന്തുണയ്ക്കുന്ന അവസ്ഥ ഇന്ന് ഭയാനകമാംവിധം വ്യാപകമായിരിക്കുന്നു. ഓരോ മതവും സ്വന്തമായി നടത്തുന്ന ചാനലുകൾ മാത്രമല്ല; ഇതരചാനലുകളും മതത്തിന്റെ പേരിലുള്ള വിഭാഗീയത വളർത്തുവാനാണ് യത്നിക്കുന്നത്. മതപരമായ ചടങ്ങുകൾക്കും ആഘോഷങ്ങൾക്കും മാത്രമല്ല ആൾദൈവങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെല്ലാം കവിഞ്ഞു പ്രാധാന്യം നൽകുന്ന മാദ്ധ്യമങ്ങൾ അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് ആലോചിക്കുന്നില്ല. പണ്ട് ഇന്ദിരാഗാന്ധി ഒരു ചരിത്ര പേടകം കുഴിച്ചിട്ടിരുന്നു. നമ്മുടെ ചാനലുകളിലെ ഭക്തിമാർഗ്ഗ പരിപാടികളുടെയും സീരിയലുകളുടെയും ആറുമാസത്തെ വീഡിയോ ഫൂട്ടേജ് ഇങ്ങനെയൊരു ചരിത്രപേടകത്തിൽ കുഴിച്ചിടുകയാണെന്നു സങ്കല്പിക്കുക. ഒരു അൻപതു കൊല്ലമോ നൂറ്റാണ്ടോ കഴിഞ്ഞ് അതു കാണാനിടയാവുന്ന തലമുറ നമ്മളെക്കുറിച്ച് എന്താവും കരുതുക?

മദ്ധ്യകാലത്തിന്റെ ഇരുണ്ട സംസ്കാരം ഇരുപത്തിയൊന്നാം നൂറ്റാണ്ടുവരെയും നിലനിന്നുവെന്നാണ് അവർ കരുതുക. കുട്ടിച്ചാത്തൻ, കടമറ്റത്ത് കത്തനാർ, ഗുരുവായൂരപ്പൻ, സ്വാമി അയ്യപ്പൻ– ഇവരൊക്കെയാണ് മലയാളികളുടെ വീരനായകന്മാർ. നായികമാരോ? കുത്സിത പ്രവർത്തനങ്ങളിലൂടെ പരസ്പരം കുതികാൽവെട്ടുന്ന ക്രൂരകളാണ് മലയാളം സീരിയലുകളിലെ സ്ത്രീകൾ. സ്ത്രീകൾ തന്നെയാണ് സ്ത്രീകളുടെ ശത്രുക്കളെന്നുകൂടിയാണ് ഈ സീരിയലുകൾ സ്ഥാപിക്കുന്നത്. അങ്ങനെ തീർത്തും പ്രതിലോമകരമായ ഒരു പ്രത്യയശാസ്ത്ര നിർമ്മിതിയാണ് പൊതുവെ ഈ ചാനലുകൾ നിർവഹിക്കുന്നത്. ഫ്യൂഡലിസത്തിന്റെ 'ഹാങ്-ഓവറിൽ' മദ്ധ്യവർഗ്ഗ മലയാളികളെ തളച്ചിടുന്നവയാണ് വേറൊരുകൂട്ടം സീരിയലുകൾ. ഇതി



വിവാഹവേളയിൽ

നിടയിലാണ് അനാവശ്യവിവാദങ്ങൾ. എല്ലാംകൂടി ഒരു ഫാന്റസിയായി മാറിയിരിക്കുന്നു. യാഥാർത്ഥ്യദർശനം അസാദ്ധ്യമായിക്കൊണ്ടിരിക്കുന്നു.

വിശാലമായൊരു പുരോഗമന ഇടതുപക്ഷത്തിന്റെ ഭാഗമായി സങ്കല്പിക്കപ്പെട്ട ഏഷ്യാനെറ്റ്, ആഗോള മാദ്ധ്യമഭീമനെന്ന് വിശേഷിപ്പിക്കപ്പെടുന്ന റൂപ്പെർട്ട് മർഡോക്കിന്റെ തന്നെ അധീനതയിലായി. നമ്മുടെ തദ്ദേശീയ മാദ്ധ്യമങ്ങളെ, മാദ്ധ്യമ സാമ്രാജ്യത്വം കീഴടക്കിക്കൊണ്ടിരിക്കുകയാണോ?

മൂലധനശക്തികളും മൂലധനതാല്പര്യങ്ങളും അതിവേഗം നമ്മുടെ മുറ്റത്തും എത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ സാമൂഹിക സാഹചര്യങ്ങളോടും സംസ്കാരത്തോടും യാതൊരു ഉത്തരവാദിത്വവുമില്ലാത്ത കുത്തകകളുടെ പിടിയിലമരുകയാണ് മാദ്ധ്യമങ്ങളും. കൂടുതൽ ലാഭം എന്നതാണ് മുദ്രവാക്യം. Capitalism is Anti ideology.' ഞാൻ നേരത്തേ പറഞ്ഞ 'ഒബ്ജെക്റ്റിവിറ്റി'യും ക്യാപ്പിറ്റലിസത്തിന്റെ സൃഷ്ടിയാണ്. ക്യാപ്പിറ്റലിസത്തിനെതിരായതെല്ലാം സബ്ജെക്റ്റിവിറ്റിയും അനുകൂലമായത് വസ്തുനിഷ്ഠവുമായി വ്യാഖ്യാനിക്കപ്പെടുന്നു. അതുകൊണ്ടാണ് വസ്തുനിഷ്ഠതയുടെ പേരിലുള്ള നിഷ്പക്ഷതാനാട്യം ജനവിരുദ്ധമാണെന്ന് പറയേണ്ടിവരുന്നത്. വസ്തുനിഷ്ഠമായ ചരിത്രസത്യം പോലുമില്ലെന്ന് ഇ. എച്ച്. കാറിനെപ്പോലുള്ള വലിയ പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. (What is History?)

ശശിയുടെ രാഷ്ട്രീയ ബോധത്തിന്റെ രൂപീകരണത്തിന്റെയും വികാസത്തിന്റെയും പശ്ചാത്തലമെന്താണ്? വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായിരുന്നുവോ?

ഞാൻ പഠിച്ചതെല്ലാം ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളിലും കോളേജുകളിലുമാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിന് വിലക്കുള്ള സ്ഥാപനങ്ങളാണിവ. എന്നാലും മാനുഷികതയെക്കുറിച്ചുള്ള ക്രിസ്ത്യൻ സങ്കല്പങ്ങളിലൂടെ അതിനപ്പുറം സഞ്ചരിക്കാൻ കഴിഞ്ഞു. ചരിത്രമായിരുന്നു എന്റെ ഇഷ്ടപഠനവിഷയം. ഡോൺബോസ്കോ സ്ക്കൂളിലെ പ്രിൻസിപ്പളായിരുന്ന ഫാദർ മാലെൻ എന്ന ഐറിഷ് പുരോഹിതനുമായി ഈവക കാര്യങ്ങൾ അന്നേ ചർച്ചചെയ്യുക പതിവായിരുന്നു. അവിടെ പഠിപ്പിച്ച ബ്രദർ ജോർജ് എന്ന അദ്ധ്യാപകനാണ് മദിരാശിയിലെ ചേരികളിലും മറ്റും ഞങ്ങളെ കൊണ്ടുപോയി ജീവിതത്തിന്റെ ഇരുണ്ടവശങ്ങൾ കാണിച്ചുതന്നത്. സഹിക്കുന്ന മനുഷ്യരോടുള്ള അനുതാപം വളർത്താൻ സഹായിച്ചവരാണ് ഈ അദ്ധ്യാപകർ. ലൊയോള കോളേജിൽ ചേർന്നതോടെയാണ് ഞാൻ മാർക്സിസത്തിൽ ആകൃഷ്ടനായത്. വായനയിലൂടെ കൈവന്ന ഒരു അവ്യക്ത ധാരണയാണ് ഇതിനു പ്രചോദനം. ഫ്രഞ്ചുവിപ്ലവവും മറ്റും എന്നെ ആകർഷിച്ചു. പരീക്ഷ പാസ്സാവുന്നതിനപ്പുറം പഠനകാലത്ത് വേറെയും ചിലത് ആവശ്യമാണെന്നു തോന്നിത്തുടങ്ങിയതോടെ സമാനചിന്താഗതിക്കാരായ കുറച്ചുപേർ ചേർന്ന് അനൗപചാരികമായ ഒരു സ്വതന്ത്രസംഘടനയുണ്ടാക്കി. മാനേജ്മെന്റിനെതിരെ ചില സമരങ്ങളുണ്ടായി. പഠനത്തിലും കലാ-സാംസ്കാരിക പ്രവർത്തനങ്ങളിലും മിടുക്കനെന്ന ഖ്യാതിയുണ്ടായിരുന്നതിനാൽ പ്രിൻസിപ്പളായിരുന്ന ഫാദർ കുര്യാക്കോസ് എന്നെ ദ്രോഹിച്ചില്ല; ലൊയോളയിൽ ആദ്യമായി സമരം നയിച്ചയാളെന്ന നിലയ്ക്ക് അദ്ദേഹം എന്നെ സ്നേഹപൂർവം കുറ്റപ്പെടുത്തിയിരുന്നുവെങ്കിലും.

## ബോംബെയിൽ കുട്ടിക്കാലം

ജനിച്ചനാട്ടിൽ ജീവിക്കാൻ കഴിയാതെ പോയ ഒരാളുടെ ഗൃഹാതുരമായ ഓർമ്മ മാത്രമാണോ ശശിക്ക് കേരളത്തെക്കുറിച്ചുള്ളത്?

കൊടുങ്ങല്ലൂരിനടുത്ത കരൂപ്പടന്നയാണ് എന്റെ ജന്മസ്ഥലം. പ്രീമിയർ ഓട്ടോമൊബൈൽസിൽ ഉദ്യോഗസ്ഥനായിരുന്ന അച്ഛനോടൊപ്പം ബോംബെയിലായിരുന്നു കുട്ടിക്കാലം. പിന്നെ കൽക്കത്തയിലും മദിരാശിയിലുമായി പഠനം. സ്കൂൾ പഠനകാലത്ത് മദ്ധ്യവേനൽ അവധിക്കുവരുമ്പോഴുള്ള രണ്ടു മാസത്തെ ഹൃദ്യമായ അനുഭവങ്ങളാണ് നാടിനെക്കുറിച്ച് ഇപ്പോഴും മനസ്സിലുള്ളത്- എല്ലാവരും പറയുമ്പോലെ, നന്മകളാൽ സമൃദ്ധമായ ഗ്രാമത്തിന്റെ പച്ചപിടിച്ച ഓർമ്മകൾ.

മറാഠിയും ഹിന്ദിയും ഇംഗ്ലീഷുമാണ് സ്കൂളിൽ പഠിച്ചത്. അമ്മയ്ക്ക് ഞാൻ മലയാളം പഠിക്കണമെന്ന് നിർബന്ധമായിരുന്നു. വീട്ടിലിരുത്തി അമ്മ പഠിപ്പിച്ച മലയാളവും അന്ന് റേഡിയോയിലൂടെ കേട്ട പാട്ടുകളുമാണ് എന്നെ മലയാളിയാക്കിയത്. മലയാളസാഹിത്യം വിപുലമായി വായിക്കാൻ കഴിയാതെ പോയതിൽ എനിക്കു ദുഃഖമുണ്ട്.

അമ്മ ശശിയുടെ വലിയൊരു സ്വാധീനമായിരുന്നു?

അമ്മയുടെ സ്വാധീനമാണ് എന്നെ സംഗീതത്തിലേക്കും യുക്തിചിന്തയിലേക്കും നയിച്ചത്. അമ്മ സംഗീതം പഠിച്ചിരുന്നു. അക്കാലത്തെ മറ്റു സ്ത്രീകളിൽനിന്ന് വ്യത്യസ്തമായി അമ്പലങ്ങളിൽ പോകുന്ന പതിവുണ്ടായിരുന്നില്ല, അമ്മയ്ക്ക്. അമ്മ ഈശ്വരഭക്തയായിരുന്നില്ല. മതപരമായ



കുടുംബത്തോടൊപ്പം



അനുഷ്ഠാനങ്ങളിൽനിന്നെല്ലാം അമ്മ വിട്ടുനിന്നു. മദിരാശിയിൽ പഠിക്കുന്ന കാലത്താണ് ഞാൻ കർണ്ണാടക സംഗീതം പഠിക്കാൻ തുടങ്ങിയത്. പത്തുവർഷം സംഗീതം പഠിച്ചു. പ്രശസ്തനായ വെങ്കട്ടരാമഭാഗവതരാണ് ഗുരു. വിവാഹത്തിനുശേഷവും സംഗീതപഠനം തുടർന്നു. പാട്ടുകാരനാവുക എന്നതിലുപരി സംഗീതാസ്വാദനമായിരുന്നു എന്റെ ലക്ഷ്യം. ബോംബെയിൽ സ്കൂളിൽ പഠിക്കുന്നകാലത്ത്, റേഡിയോയിലൂടെകേട്ടുപഠിച്ച മലയാളം സിനിമാപ്പാട്ടുകൾ പാടുമായിരുന്നു. 'നാഴിയുരിപ്പാലുകൊണ്ട് നാടാകെ കല്യാണം' എന്ന പാട്ട് സ്കൂളിൽ പാടിയതോർമ്മയുണ്ട്. മുകേഷായിരുന്നു ഇഷ്ടഗായൻ. ഡോ. ബാലമുരളീകൃഷ്ണയുടെ അടുക്കലും ഞാൻ സംഗീതം പഠിക്കാൻ പോയിരുന്നു. അതുപക്ഷേ തുടരാനായില്ല. എം.എസ്. സുബ്ബലക്ഷ്മിയെ വീട്ടിൽപോയി കാണാറുണ്ടായിരുന്നു. സുബ്ബലക്ഷ്മി സ്റ്റേജിൽ പാടാൻ പഠിച്ച ഒരു ഭജൻ, അവരുടെ വളർത്തുമകനായ കണ്ണനിൽനിന്ന് പഠിച്ച് ഞാൻ ജയ്പൂരിലെ ഒരു ഇന്റർകൊളിജിയേറ്റ് ഫെസ്റ്റിവലിൽ പാടി. ബോംബെയിൽവച്ചു നടന്ന അത്തരമൊരു ഫെസ്റ്റിവലിലാണ് ശശി തരൂരുമായി പരിചയപ്പെട്ടത്. ഞങ്ങൾ തമ്മിലായിരുന്നു 'മാൻ ഓഫ് ദ ഫെസ്റ്റിവലി'നുള്ള മത്സരം. പിന്നീട് ഞങ്ങൾ വലിയ സുഹൃത്തുക്കളായി. അക്കാലത്ത് ഞാൻ സിനിമയെക്കുറിച്ച് ധാരാളം എഴുതിയിരുന്നു. ശശി തരൂർ എഴുത്തു തുടങ്ങിയിട്ടില്ലെന്നു തോന്നുന്നു.

സംഗീതത്തിൽനിന്ന് എഴുത്തിലേക്കും പത്രപ്രവർത്തനത്തിലേക്കുള്ള മാറ്റം എങ്ങനെയാണ്?

ഐ.എ.എസ്സുകാരനാവണമെന്നായിരുന്നു അച്ഛന്റെ ആഗ്രഹം. സെലക്ഷൻ കിട്ടിയെങ്കിലും ഞാനതുവേണ്ടെന്നുവച്ചു. ബ്രെസ്സോണിനെപ്പോലെ ഒരു വലിയ ചലച്ചിത്രകാരനാവണം എന്നതായിരുന്നു എന്റെ സ്വകാര്യാഭിലാഷം. അക്കാലത്ത് കല്യാണരാമൻ എന്നൊരു സഖാവിനോടൊപ്പം ഞങ്ങൾ ഒരു ഫിലിം സൊസൈറ്റി തുടങ്ങി. 'ഏഴാവതു മനിതൻ' സംവിധാനം ചെയ്ത ഹരിഹരനുമുണ്ടായിരുന്നു. എൻ. റാമുമായുണ്ടായിരുന്ന ബന്ധംകൊണ്ട് സമാന്തര സിനിമയെപ്പറ്റി 'ഹിന്ദു'വിൽ പതിവായി എഴുതിക്കൊണ്ടിരുന്നു. 'ഹിന്ദു'വിനുവേണ്ടി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലുകൾ റിപ്പോർട്ടു ചെയ്തിരുന്നത് ഞാനാണ്. കസ്തൂരിയായിരുന്നു അന്ന് എഡിറ്റർ. കസ്തൂരിക്ക് എന്റെ എഴുത്തിനോട് പ്രത്യേക താൽപ്പര്യമുണ്ടായിരുന്നു. കസ്തൂരിയാണ് എന്നെ 'ഹിന്ദു'വിലേക്ക് വിളിച്ചത്. 'ഹിന്ദു'വിന് ഒരു വെസ്റ്റ് ഏഷ്യൻ ബ്യൂറോ തുടങ്ങണമെന്നും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയുമോ എന്നും ചോദിച്ചു. ബ്യൂറോ എവിടെ തുടങ്ങണമെന്ന് തീരുമാനിക്കാൻ എന്നെ ചുമതലപ്പെടുത്തി. ഈജിപ്തിലും സൗത്ത് ആഫ്രിക്കയിലും ഗൾഫിലുമെല്ലാം യാത്ര ചെയ്ത് ഒടുവിൽ ബഹ്റിനിൽ ബ്യൂറോ തുടങ്ങാമെന്നു വച്ചു. അങ്ങനെയാണ് ഞാൻ റിപ്പോർട്ടിങ്ങിലേക്കു വന്നത്. ഇറാൻ– ഇറാക്ക് യുദ്ധം നടക്കുന്ന സമയമായിരുന്നു അത്. റിപ്പോർട്ടിങ് മടുത്തപ്പോൾ മടങ്ങിവന്ന് അംബാനിയുടെ മുദ്രാ വീഡിയോടെക്കിന്റെ ചുമതലയേറ്റെടുത്തു.

ശശി ആദ്യം തുടങ്ങിയത് ദൂരദർശനിലായിരുന്നില്ലേ?

സിനിമയായിരുന്നു എന്റെ സ്വപ്നം. മദിരാശിയിൽ 'ദൂരദർശൻ' തുടങ്ങിയപ്പോൾ അതിന്റെ ഇംഗ്ലീഷ് വാർത്താവതാരകനായി. 'വിഷ്വൽമീഡിയ'യെക്കുറിച്ചുള്ള ഒരു പഠനക്കളരിയായിരുന്നു അത്. പിന്നീട് ഡൽഹിയിലും പ്രൊഡ്യൂസറും വാർത്താവതാരകനുമായി. മദിരാശിയിലായിരുന്നപ്പോൾ 'ദൂരദർശ'നിലെ ജോലി പോകുമെന്നു കരുതിയതാണ്. സ്വാമി ചിന്മയാനന്ദനെ അഭിമുഖം ചെയ്തതിലുണ്ടായ ഒരു തമാശയാണു കാരണം. ചിന്മയാനന്ദൻ മദിരാശിയിലുണ്ടെന്നും അദ്ദേഹത്തിന്റെ ഇന്റർവ്യൂ ലൈവായി വേണമെന്നും ഡൽഹിയിൽനിന്നു നിർദ്ദേശം വന്നു. തലേന്നുതന്നെ കണ്ട് ചോദ്യങ്ങൾ നൽകുന്നത് നന്നായിരിക്കുമെന്നും പറഞ്ഞു. ഒരു മിസ്സിസ് നമ്പ്യാരുടെ വീട്ടിൽ. അനേകം ആരാധകർക്കിടയിൽ സംഭാഷണത്തിലായിരുന്നു അദ്ദേഹം. എന്നോട് ഇരിക്കാൻ പറഞ്ഞു. ക്ഷീണിച്ച ഒരു കുട്ടിയെ ചേർത്തുപിടിച്ച് ചിന്മയാനന്ദൻ അവനോട് ചോദിച്ചു: "നീയെന്താണിങ്ങനെ കുരിശേറിയ ക്രിസ്തുവിനെപ്പോലിരിക്കുന്നത്? അമ്മ നിനക്ക് ബോൺവിറ്റ തരുന്നില്ലേ? നീ ഹനുമാൻജിയെപ്പോലെയാവണം; ക്രിസ്തുവിനെപ്പോലെയല്ല.'' എനിക്ക് ഈ സംഭാഷണം അത്ര നിർദ്ദോഷമായി തോന്നിയില്ല. പിറ്റേന്ന് ഇന്റർവ്യൂവിനൊടുവിൽ ഞാൻ ഇതേക്കുറിച്ച് ചോദിച്ചു. സ്വാമി പൊട്ടിത്തെറിച്ചു.

അഭിമുഖം പൂർത്തിയാവും മുൻപാകെ എഴുന്നേറ്റുപോയി. ലൈവ് ബ്രോഡ് കാസ്റ്റായിരുന്നതിനാൽ പ്രേക്ഷകർ അത് കണ്ടു. എനിക്കെതിരായി നിരവധി ടെലഗ്രാമുകൾ ഡൽഹിയിൽ ലഭിച്ചു. പക്ഷേ, ഭാഗ്യംകൊണ്ട് ജോലി പോയില്ല. ചിന്മയാനന്ദനെപ്പോലൊരാൾ ഇങ്ങനെ പക്വതയില്ലാതെ പെരുമാറിയത് തെറ്റായെന്ന സന്ദേശങ്ങളും ദൂരദർശനിൽ ലഭിച്ചിരുന്നു. എഴുത്തുകൊണ്ടും ചില കുഴപ്പങ്ങളുണ്ടായിട്ടുണ്ട്. സംഗീതത്തെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ, യേശുദാസിന്റെ സ്ത്രൈണ ശബ്ദത്തെക്കുറിച്ചുള്ള ഒരു പരാമർശമുണ്ടായിരുന്നു. സംഗീത സംവിധായകൻ ജെറി അമൽദേവിന്റെ ഒരഭിപ്രായമായാണ് അത് ലേഖനത്തിൽ വന്നതെങ്കിലും യേശുദാസിന് വിഷമമായി. പി. ഭാസ്കരൻ മാസ്റ്ററുടെ ചില റെക്കോർഡിങ് വേളകളിൽ കണ്ടുമുട്ടുമ്പോൾ ഭാര്യ രാധികയോടു സംസാരിക്കാറുള്ള യേശുദാസ് എന്നെ കണ്ടതായി നടിക്കാതായി. ഒടുവിൽ വളരെക്കാലത്തിനുശേഷം കോട്ടയത്ത് ഞങ്ങൾ പങ്കെടുക്കുന്ന ഒരു പൊതുപരിപാടിയിൽവച്ച്, യേശുദാസിനെക്കുറിച്ച് അങ്ങനെ പറഞ്ഞതിൽ ഞാൻ പരസ്യമായി ക്ഷമചോദിച്ചതോടെയാണ് പിണക്കം മാറിയത്.


ദൂരദർശനിൽനിന്ന് പി.ടി.ഐയിലേക്കാണ് ശശിപോയത്. അതും യാദൃച്ഛികമായിരുന്നു. പി.ടി.ഐയുടെ ജനറൽ മാനേജരായിരുന്ന ഉണ്ണിക്കൃഷ്ണനാണ് എന്നെ വിളിക്കുന്നത്. പി.ടി.ഐയ്ക്ക് ഒരു ടെലിവിഷൻ വിംഗ് രൂപീകരിക്കണമെന്നും അതിന്റെ ചുമതലയേൽക്കണമെന്നും പറഞ്ഞു. തുടക്കത്തിൽ ഞാനതിന്റെ ചീഫ് പ്രൊഡ്യൂസറിയാരുന്നു. പിന്നീട് ജനറൽ മാനേജരായി. ദൂരദർശന്റെ ഏറ്റവും വലിയ ഔട്ട്സൈഡ് പ്രൊഡ്യൂസറായിരുന്നു, പി.ടി.ഐ.-ടിവി, പ്രണോയ് റോയ്യുടെ എൻ.ഡി.ടിവിയായിരുന്നു. മറ്റൊരു പ്രൊഡ്യൂസർ, പി.ടി.ഐ.-ടിവിയുടെ പ്രോഗ്രാമുകളിലൂടെയാണ് ദൂരദർശന് അക്കാലത്ത് പുതിയൊരുണർവുണ്ടായത്. റഷ്യയിലെ ഗ്ലാസ്നോസ്റ്റ്, ബർലിൻമതിലിന്റെ തകർച്ച, ഇറാൻ-ഇറാക്ക് സംഘർഷം തുടങ്ങിയവയെക്കുറിച്ചെല്ലാം ഞാൻ നേരിട്ടുപോയി നിരവധി പരിപാടികൾ ഷൂട്ടുചെയ്തു. ദൂരദർശനുവേണ്ടി ജൻമഞ്ച്, താനാബാനാ, മണിമാറ്റേഴ്സ് തുടങ്ങിയ നിരവധി ജനപ്രിയ പരിപാടികൾ പ്രൊഡ്യൂസ് ചെയ്തു. അക്കാലത്ത് സക്കറിയയും പി.ടി.ഐ-യിലുണ്ടായിരുന്നു. ഇന്ത്യാ ഓഫീസിനുവേണ്ടിയുള്ള 'ഇന്ത്യാ എബ്രോഡി'ന്റെ ചുമതലായിരുന്നു സക്കിയയ്ക്ക് ചിന്തരവി, കെ.പി. കുമാരൻ തുടങ്ങിയവരെല്ലാം അന്ന് പി.ടി.ഐ. ടിവിക്കുവേണ്ടി നിരവധി നല്ല പ്രോഗ്രാമുകൾ ചെയ്തിരുന്നു.

### ഏഷ്യാനെറ്റിന്റെ പിന്നിൽ

'ഏഷ്യാനെറ്റി'ന്റെ തുടക്കമെങ്ങനെയാണ്?

വാസ്തവത്തിൽ സ്വന്തമായി ഒരു ചാനൽ എന്ന സങ്കല്പം എനിക്കില്ലായിരുന്നു. പി.ടി.ഐ ടിവിക്കു സ്വന്തമായൊരു


വിദേശയാത്രയിൽ



ശശികുമാർ എൻ. റാമിനൊപ്പം

ടിവി ചാനൽ തുടങ്ങിയാലോ എന്ന നിർദ്ദേശം ഞാൻ സമർപ്പിച്ചു. ദൂരദർശനു സമാന്തരമായി ഒരു പബ്ലിക് സർവീസ് ബ്രോഡ്കാസ്റ്റിങ് എന്തുകൊണ്ടായിക്കൂടാ എന്നതായിരുന്നു എന്റെ ചോദ്യം. ഉണ്ണികൃഷ്ണന്റെ നിർദ്ദേശപ്രകാരം ഞാനൊരു പ്രൊപ്പോസൽ പി.ടി.ഐ. ബോർഡിനു സമർപ്പിച്ചു. ഇന്ത്യൻ എക്സ്പ്രസ്സിന്റെ ഗോയങ്കയായിരുന്നു അന്ന് ചെയർമാൻ. അവിക് സർക്കാർ, എൻ. രവി, എം.പി. വീരേന്ദ്രകുമാർ, ഫിലിപ്പ് മാത്യു, തുടങ്ങിയ മാദ്ധ്യമരംഗത്തെ പ്രമുഖരെല്ലാമുള്ള ബോർഡ് എന്റെ ആശയത്തോട് അനുകൂലമായാണ് പ്രതികരിച്ചത്. ഏഷ്യാനെറ്റ് എന്ന പേരും അതിന്റെ ഇന്നത്തെ ലോഗോയും പിടിഐയ്ക്കുവേണ്ടിയാണ് ഞാനുണ്ടാക്കിയത്. ലോഗോ ഡിസൈൻ ചെയ്തത് രാമചന്ദ്രഗുഹയുടെ ഭാര്യ സുജാതാ കേശവനാണ്. അവിക് സർക്കാരും ഫിലിപ്പ് മാത്യുവും മറ്റും പിന്തുണച്ചെങ്കിലും എന്തുകൊണ്ടോ പി.ടി.ഐ ബോർഡ് ഒരു തീരുമാനമെടുത്തില്ല. അങ്ങനെ അത് നീണ്ടുപോയപ്പോഴാണ് ഇത് സ്വന്തമായി ചെയ്തുകൂടേ എന്ന് അവിക് സർക്കാർ എന്നോടു ചോദിച്ചത്. പി.ടി.ഐയിലെ ചില അംഗങ്ങൾക്ക് സ്വന്തമായി ചാനൽ തുടങ്ങിയാലോ എന്ന താല്പര്യം തോന്നിയത് അപ്പോഴാണ്. എന്തായാലും ഏഷ്യാനെറ്റ് എന്ന പേരും അതിന്റെ ലോഗോയും പി.ടി.ഐ എനിക്കു വിട്ടുതന്നു. പത്രങ്ങൾക്ക് ടെലിവിഷൻ ചാനൽ ദോഷമാവും എന്നൊരു പേടിയുമുണ്ടായിരുന്നു പത്രം ഉടമകൾക്ക്. ഇപ്പോൾ മിക്ക പത്രങ്ങളും ടെലിവിഷൻ ചാനലുകൾ തുടങ്ങിക്കഴിഞ്ഞു.

ആയിടയ്ക്കാണ് സക്കറിയയുടെ സുഹൃത്തായ സിങ്കപ്പൂരിലെ ജേർണലിസ്റ്റ് ഗോപനെ പരിചയപ്പെടുന്നത്. ഹോങ്കോങ്ങിലെ ഏഷ്യാബാറ്റിൽനിന്ന് ട്രാൻസ്പോണ്ടർ വാടകയ്ക്കെടുക്കാൻ ഗോപനാണ് സഹായിച്ചത്. മോസ്കോയിൽ പലതരം ബിസിനസ്സുമായി കഴിഞ്ഞിരുന്ന എന്റെ അമ്മാവൻ ഡോ. റെജിമേനോൻ, റഷ്യൻ ട്രാൻസ്പോണ്ടറാവും ലാഭമെന്നു പറഞ്ഞതിനാൽ അതിലേക്കു മാറി. ചാനലിൽ അമ്മാവനും പങ്കാളിയായി. അന്ന് ഇന്ത്യയിൽനിന്ന് അപ്‌ലിങ്കിങ് സൗകര്യമില്ലായിരുന്നു. റഷ്യയുടെ 'എക്രാൻ' ഉപയോഗിച്ചാണ് ഏഷ്യാനെറ്റ് ആദ്യം സംപ്രേഷണം തുടങ്ങിയത്. കാലഹരണപ്പെട്ട ഒരു സാറ്റലൈറ്റ് ആയിരുന്നു അത്. പിന്നീട് ഏഷ്യാസാറ്റിലേക്കു മാറേണ്ടിവന്നു. എക്രാനുമായുണ്ടായ തർക്കത്തിനിടെ കുറച്ചുകാലം സംപ്രേഷണം മുടങ്ങുകയും ചെയ്തു. ചാനലിനു പണമുണ്ടാക്കാൻ അക്കാലത്ത് പല വഴികളും തേടി. ബാങ്കുകാർക്ക് സംശയമായിരുന്നു. കേബിളിങ്ങിനുവേണ്ടി അംബാനിയെ സമീപിച്ചെങ്കിലും അവർക്ക് താല്പര്യമില്ലായിരുന്നു. വീഡിയോകോൺ മൂന്നുകോടി തന്നു. പിന്നീടാണ് രഹേജ വരുന്നത്. കേബിളിന്റെ അൻപത് ശതമാനം ഓഹരി അവർക്കു നൽകിയാണ് ചാനൽ നടത്താനുള്ള പണമുണ്ടാക്കിയത്. കേബിൾ കമ്പനിയുടെ ചെയർമാൻ പി. ഭാസ്കരൻ മാസ്റ്ററായിരുന്നു.

## സിനിമയോട് എന്നും അഭിനിവേശം

ഭാസ്കരൻ മാസ്റ്ററുമായുള്ള ബന്ധം തുടങ്ങുന്നത് എപ്പോഴാണ്? രാധികയുമായുള്ള വിവാഹത്തിനു മുൻപേ മാഷെ അറിയുമായിരുന്നോ?

മദിരാശിയിൽ പഠിക്കുന്ന കാലത്ത് കോളേജിലെ ഏതോ പരിപാടിയുടെ ടിക്കറ്റുവിൽക്കാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയിരുന്നു. വിമൻസ് ക്രിസ്ത്യൻ കോളേജിൽ പഠിക്കുന്ന രാധിക ഭാസ്കരൻ മാസ്റ്ററുടെ മകളാണെന്നറിയില്ലായിരുന്നു. ഞാനന്ന് മദ്രാസ് ക്രിസ്ത്യൻ കോളേജിലാണ്. ഇന്റർ കൊളിജിയേറ്റ് മത്സരങ്ങൾക്കിടയിലാണ്, അന്ന് നാടകത്തിലൊക്കെ അഭിനയിച്ചിരുന്ന രാധികയെ കണ്ടത്. നിശ്ചയം കഴിഞ്ഞ് രണ്ടുവർഷം കഴിഞ്ഞായിരുന്നു കല്യാണം. ഞാൻ അക്കാലത്ത് നിരവധി നാടകങ്ങളിൽ അഭിനയിച്ചിരുന്നു. 'WE' എന്നൊരു നാടകസംഘം ഞങ്ങൾ രൂപീകരിച്ചു. മദ്രാസ് പ്ളെയേഴ്സിലും ഞാൻ സജീവമായിരുന്നു. അവരുടെ ആറു നാടകങ്ങളിൽ അഭിനയിച്ചു. ഗിരീഷ് കർണ്ണാടിന്റെ 'ഹയവദന'യിലും വിജയ് ടെണ്ടുൽക്കറുടെ 'ശാന്തതാ കോർട് ചാലൂ ആഹെ'യിലും മറ്റും.

നാടകാഭിനയമാണോ സിനിമാഭിനയത്തിലേക്ക് വഴി തുറന്നത്?

നേരത്തെ പറഞ്ഞില്ലേ, സിനിമ എന്നും എന്റെ സ്വപ്നമായിരുന്നു. അഭിനയമല്ല, സംവിധാനം, രവീന്ദ്രന്റെ (ചിന്തരവി) 'ഹരിജൻ' എന്ന തെലുങ്കു സിനിമയെപ്പറ്റി ഞാൻ 'ഹിന്ദു'വിൽ വിശദമായി എഴുതിയിരുന്നു. രവിയെ പരിചയപ്പെടുന്നതും അക്കാലത്താണ്. 'ഇനിയും മരിച്ചിട്ടില്ലാത്ത നമ്മൾ' എന്ന സിനിമയിൽ ഞാൻ നായകനായി അഭിനയിക്കുന്നത് അങ്ങനെയാണ്. വാസ്തവത്തിൽ അതിൽ അഭിനയിക്കേണ്ട കാര്യമില്ലായിരുന്നു. അക്കാലത്തെ ഞങ്ങളുടെ തന്നെ ജീവിതമായിരുന്നു ആ സിനിമ. ഒരു പത്രപ്രവർത്തകന്റെ റോളാണ് ഞാൻ ചെയ്തത്. മലയാളത്തിലുണ്ടായ ഏറ്റവും മികച്ച ഒരു പൊളിറ്റിക്കൽ സിനിമയാണത്. ഇന്നും പ്രസക്തമായത്. 'ഒരു സെല്ലുലോയ്ഡ് പ്രബന്ധം' എന്നാണ് രവി ആ സിനിമയെ വിശേഷിപ്പിച്ചത്. കാലം തെറ്റിപ്പിറന്ന ഒരു സിനിമയായിരുന്നു അത്.

സ്വന്തം ബൗദ്ധിക ജീവിതവുമായി ബന്ധമുള്ളതും, സ്വന്തം സിനിമാസങ്കല്പങ്ങളുമായി പൊരുത്തപ്പെടുന്നതുമായ 'ഇനിയും മരിച്ചിട്ടില്ലാത്ത നമ്മൾ' എന്ന ചിത്രത്തിൽ നിന്ന് 'ലൗഡ് സ്പീക്കർ' എന്ന പോപ്പുലർ സിനിയിലേക്ക്

വന്നതെങ്ങനെയാണ്?

മമ്മൂട്ടിയാണ് അതിനുകാരണം. അദ്ദേഹം നിർബന്ധിച്ചപ്പോഴാണ് ഞാൻ തിരക്കഥ വായിച്ചത്. എന്നോട് ആവശ്യപ്പെട്ട റോൾ തരക്കേടില്ലെന്നു തോന്നി. അതിലും കാര്യമായ നാടകീയാഭിനയമൊന്നും വേണ്ടതില്ല. പോപ്പുലർ സിനിമയുടെ രീതികൾ അനുഭവിച്ചറിയാനുള്ള ഒരവസരമായിട്ടാണ് ഞാനതിനെ കണ്ടത്. നല്ലൊരു എക്സ്പീരിയൻസായിരുന്നു അത്. ഗൾഫിൽനിന്ന് അഭിനയത്തിന് ഒരവാർഡും കിട്ടി. എന്നാൽ, പിന്നീട് ചില ചിത്രങ്ങളിലഭിനയിക്കാൻ ക്ഷണമുണ്ടായെങ്കിലും, അഭിനയം ഒരു തൊഴിലാക്കാനൊന്നും ഞാനില്ല. എന്നിൽ ഒരു നടനും ഉണ്ടെന്നുമാത്രം. സംഗീതം പഠിച്ചതുപോലെ ഇതും ഒരു സ്വകാര്യഹ്ലാദം മാത്രം.

ശശി സംവിധാനം ചെയ്ത ആദ്യചിത്രം ഹിന്ദിയിലാണല്ലോ, 'കായാ തരൺ' എന്തുകൊണ്ട് മലയാളത്തിലായില്ല?

എൻ.എസ്. മാധവന്റെ 'വന്മരങ്ങൾ വീഴുമ്പോൾ' എന്ന കഥയാണല്ലോ എന്റെ സിനിമയുടെ മുഖ്യാവലംബം. ഡൽഹിയിലെ സിഖുകാർക്കെതിരെയുണ്ടായ കലാപമാണതിന്റെ പശ്ചാത്തലം. കഥ വായിച്ചപ്പോൾത്തന്നെ അതിന്റെ സിനിമാസാദ്ധ്യത എന്നെ ആകർഷിച്ചിരുന്നു. എന്നാൽ, പൂർണ്ണതയുള്ള ഒരു കഥ അതേപടി സിനിമയിലേക്ക് പരിഭാഷപ്പെടുത്തുന്നത് അർത്ഥശൂന്യമാണ്. പിന്നീട് ഗുജറാത്ത് കലാപമുണ്ടായപ്പോൾ, മാധവന്റെ കഥയിൽ ഞാൻ പുതിയൊരു സാദ്ധ്യത കണ്ടു. അങ്ങനെയാണ് 'വന്മരങ്ങൾ വീഴുമ്പോൾ' എന്ന കഥയ്ക്ക്, സമകാലിക വർഗീയ കലാപങ്ങളുടെ ഒരു തുടർച്ച നൽകി ഞാൻ പുതിയൊരു തിരക്കഥ എഴുതിയത്. മാധവന് അതിനോട് പൂർണ്ണ യോജിപ്പായിരുന്നു. ഗുജറാത്ത് കലാപത്തിന്റെയും ഡൽഹി കലാപത്തിന്റെയും പശ്ചാത്തലത്തിലുള്ള ഒരു സിനിമ മലയാളത്തേക്കാൾ ഹിന്ദിയിലാവും നന്നാവുക യെന്നും തോന്നി.

സഫ്ദർ ഹാഷ്മിയെക്കുറിച്ചുള്ള ശശിയുടെ ഒരു ഡോക്യുമെന്ററി ഞാൻ കണ്ടതായോർക്കുന്നു?

ഡൽഹിയിലുള്ളപ്പോൾ ഹാഷ്മിയുമായി എനിക്ക് അടുത്ത ബന്ധമുണ്ടായിരുന്നു. പി.ടി.ഐ.–ടിവി ദൂരദർശനുവേണ്ടി ചെയ്ത നിരവധി പരിപാടികളുടെ പിന്നിൽ അദ്ദേഹമുണ്ടായിരുന്നു. സി.പി.ഐ.– എമ്മിനുവേണ്ടി തെരഞ്ഞെടുപ്പിനു മുൻപായി ഞാൻ സംവിധാനം ചെയ്ത ചിത്രത്തിനുവേണ്ടി പാട്ടുകളെഴുതിയതും ഹാഷ്മിയാണ്. ഹാഷ്മിയുടെ മരണം ഞങ്ങളെയെല്ലാം ഉലച്ചു. അദ്ദേഹം ഉയർത്തിപ്പിടിച്ച മാനുഷികതയാണ്, ഹാഷ്മിയെക്കുറിച്ചുള്ള എന്റെ ഡോക്യുമെന്ററിയിൽ ആവിഷ്കരിക്കാൻ ശ്രമിച്ചത്. വി.പി. സിംഗ് പ്രധാനമന്ത്രിയായിരുന്നപ്പോൾ ആ ചിത്രം ദൂരദർശൻ പലവട്ടം പ്രദർശിപ്പിച്ചിരുന്നു.

മദിരാശി ദൂരദർശനിൽ ജോലി ചെയ്യുമ്പോൾത്തന്നെ ഞാൻ ചില ഡോക്യുമെന്ററികളെടുത്തിരുന്നു. കൂട്ടത്തിൽ ഭാവിയിൽ സംഭവിക്കാനിടയുള്ള പ്രകൃതി ദുരന്തങ്ങളെക്കുറിച്ചുള്ള ഒരു സയൻസ് ഫിക്ഷനും– `Nemesis-two'. ഓക്സിജനില്ലാതായി ജന്തുജാലങ്ങൾ അന്ത്യത്തെ മുന്നിൽക്കാണുന്നതിനെക്കുറിച്ചാണിത്. ദൂരദർശന്റെ പ്രൊഡക്ഷനായിരുന്നു ഇത്. ദൂരദർശനുവേണ്ടി ഇന്ത്യയ്ക്കകത്തും പുറത്തും നിന്നുള്ള കുറെയേറെ ഡോക്യുമെന്ററികൾ ചെയ്തു. കേരളത്തിലെ കളരിപ്പയറ്റിനെക്കുറിച്ചും ഓണത്തെക്കുറിച്ചുമൊക്കെ ജോലിയുടെ ഭാഗമായി ചിലത് ചെയ്തിട്ടുണ്ട്.

ഇനിയിപ്പോൾ സിനിമയെപ്പറ്റി ചിന്തിക്കാൻ സാവകാശമുണ്ട്. തമിഴിലും മലയാളത്തിലും സിനിമയെടുക്കാനുള്ള രണ്ട് മൂന്ന് വിഷയങ്ങൾ മനസ്സിലുണ്ട്.

## എം. ഗോവിന്ദനും മദിരാശി സദസ്സുകളും

ഭാസ്കരൻ മാസ്റ്ററോടൊപ്പം ശശി ചില സിനിമകളിൽ പ്രവർത്തിച്ചിരുന്നല്ലോ?

അതും പോപ്പുലർ സിനിമയുടെ രീതികളുമായി പരിചയപ്പെടാനും പ്രൊഡക്ഷൻ മനസ്സിലാക്കാനും വേണ്ടിയായിരുന്നു. 'എനിക്കു വിശക്കുന്നു' എന്നൊരു പടത്തിൽ ഞാൻ മാഷോടൊപ്പമുണ്ടായിരുന്നു. ഫ്രഞ്ച് ടെലിവിഷനുവേണ്ടി മാഷ് സംവിധാനം ചെയ്ത 'മുടിയാട്ട'ത്തെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററിയിലും, സഹകരിക്കാനിടയായി. ഭാസ്കരൻ മാഷുടെ ആദ്യകാല ചിത്രങ്ങളോടാണ് വ്യക്തിപരമായി എനിക്കു താല്പര്യം– 'നീലക്കുയിൽ' അക്കാലത്തെ വലിയൊരു പരീക്ഷണം തന്നെയായിരുന്നു. ദൂരദർശനുവേണ്ടി കൊടുങ്ങല്ലൂർ ഭരണിയെപ്പറ്റിയുള്ള ഒരു ഡോക്യുമെന്ററിക്കുവേണ്ടി ഭാസ്കരൻ മാഷെഴുതിയ ടൈറ്റിൽ സോങ് രാഘവൻ മാസ്റ്ററുടെ സംഗീത സംവിധാനത്തിൽ ആലപിച്ചതും ഞാനാണ്.

ഭാസ്കരൻ മാസ്റ്ററുടെ കുറെ കവിതകൾ അദ്ദേഹത്തിന്റെ ശബ്ദത്തിൽത്തന്നെ റെക്കോർഡു ചെയ്ത് ദൃശ്യവത്ക്കരിക്കണമെന്ന് പദ്ധതിയുണ്ടായിരുന്നു. കവിതകളിൽ ചിലത് ശബ്ദലേഖനം ചെയ്തതുമാണ്. അതിതേവരെ നടന്നിട്ടില്ല. മാസ്റ്ററോടൊപ്പം പലപ്പോഴായി ഞാൻ കേരളത്തിലുടനീളം സഞ്ചരിച്ചിട്ടുണ്ട്. കോഴിക്കോട് വച്ച് തിക്കോടിയനെ പരിചയപ്പെടാനിടയായത് അങ്ങനെയാണ്. ഭാസ്കരൻ മാസ്റ്റർ അവസാനകാലത്ത് ചെറിയൊരു ഈശ്വര വിശ്വാസിയായിരുന്നു. തിക്കോടിയനോട് മാസ്റ്റർ ചോദിച്ചു: "താനോ? വയസ്സുകാലത്ത് ആരാണ് അഭയം?"

"എന്റെ സ്ഥിതിയും വ്യത്യസ്തമല്ല. എല്ലാ ദൈവങ്ങളെയും വണങ്ങും. പോകുന്ന വഴിക്കുള്ള അമ്പലവും പള്ളിയും മോസ്കുമെല്ലാം വണങ്ങും. മൂപ്പരെവിടെയാണെന്നറിയില്ലല്ലോ. തൂണിലും തുരുമ്പിലുമുണ്ടെന്നല്ലേ കേൾവി. ഒരു റിസ്കെടുക്കാൻ വയ്യാത്തതുകൊണ്ട് എല്ലായിടത്തും നമസ്കരിക്കുന്നുണ്ട്."


തിക്കോടിയൻ മാഷുടെ കറുത്ത ഫലിതമാണ് എന്നെ ആകർഷിച്ചത്; ആ ലാളിത്യവും.

എം. ഗോവിന്ദൻ, കെ.സി.എസ്. പണിക്കർ തുടങ്ങിയ വലിയ മലയാളികൾ അക്കാലത്ത് മദിരാശിയിലുണ്ടല്ലോ. എന്തായിരുന്നു, ശശിക്ക് അവരുമായുള്ള ബന്ധം?

ഗോവിന്ദൻ എനിക്ക് ഒരു ഗുരുവിനെപ്പോലെയായിരുന്നു. 'സമീക്ഷ'യുടെ സാഹിത്യ വിശേഷാൽപ്പതിപ്പാണ് എന്നെ ഗോവിന്ദനിലേക്ക് അടുപ്പിച്ചത്. എല്ലാ വൈകുന്നേരവും ഗോവിന്ദന്റെ വീട്ടിൽ സമ്മേളിക്കുന്ന സുഹൃദ്സംഘ

ത്തിലെ ഒരംഗമായിരുന്നു ഞാനും. സംവിധായകൻ ടി.വി. ചന്ദ്രനെയും നിസാർ അഹമ്മദിനെയും ഞാനാദ്യം കാണുന്നത് അവിടെവച്ചാണ്. കലയും സാഹിത്യവും സംസ്കാരവും രാഷ്ട്രീയവുമെല്ലാം ചർച്ച ചെയ്യപ്പെട്ടിരുന്നു, ആ സദസ്സിൽ. ഗോവിന്ദൻ ശരിക്കും ഒരു ജീനിയസ്സായിരുന്നു. എം.എൻ. റോയിയുടെ അനുയായിയായ ഗോവിന്ദന്റെ മാർക്സിസത്തോടുള്ള നിലപാടിൽ വിയോജിപ്പുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ജനാധിപത്യ ബോധത്തെയും സൗന്ദര്യാഭിരുചികളെയും ആദരിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. രാഷ്ട്രീയമായ വിയോജിപ്പുണ്ടായിരുന്നെങ്കിലും എന്നോട് ഗോവിന്ദന് ഇഷ്ടമായിരുന്നു. എന്റെ കല്യാണ നിശ്ചയത്തിനുണ്ടാവണമെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്ന ഒരാൾ ഗോവിന്ദനാണ്. അദ്ദേഹം ആദ്യാവസാനം അതിനുണ്ടായിരുന്നു.

കെ.സി.എസ്സിന്റെ ചോളമണ്ഡലവും ബുദ്ധിജീവികളുടെ താവളമായിരുന്നു. ഞാനവിടെ ചില നാടകങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. ഗോവിന്ദനും നാടകം കാണാനെത്തിയിരുന്നു. കെ.സി.എസ്സിന്റെ മകൻ നന്ദഗോപാലും കലാകാരന്മാരായ ഡഗ്ലസ്, ഗോപി, വാസുദേവ് തുടങ്ങിയവരെയുമെല്ലാം കാണാൻ ഇപ്പോഴും ഞാനവിടെ പോകാറുണ്ട്.



അക്കാലത്തെ എന്റെ മറ്റൊരു വലിയ സൗഹൃദം ചന്ദ്രലേഖയുമായിട്ടായിരുന്നു. ഭരതനാട്യവും നൃത്തവും മാത്രമല്ല; ലോകത്തിലെ സമസ്തകാര്യങ്ങളെക്കുറിച്ചും സ്വന്തമായൊരു കാഴ്ചപ്പാടുണ്ടായിരുന്ന ജീനിയസ്സായിരുന്നു ചന്ദ്രലേഖ. എന്നെ ഒരു ഡാൻസറാക്കാൻ ചന്ദ്രലേഖ പല പരിശ്രമങ്ങളും നടത്തി നോക്കിയെങ്കിലും ഞാനതിൽനിന്നു രക്ഷപ്പെട്ടു. എനിക്ക് നല്ലൊരു ഡാൻസറാകാൻ കഴിയുമെന്നായിരുന്നു അവരുടെ കണ്ടെത്തൽ. എന്റെ സിനിമയിൽ ചന്ദ്രലേഖയുടെ മനോഹരമായൊരു കോറിയോഗ്രാഫിക് രംഗമുണ്ട്. കുമാർ സാഹ്നിയുടെ 'മായാദർപ്പണി'ൽ ചെയ്തതിനുശേഷം ചന്ദ്രലേഖ മറ്റൊരു സിനിമയ്ക്കുവേണ്ടി കോറിയോഗ്രാഫി ചെയ്യുന്നത് 'കായാതരണി'ലാണ്. ക്രിസ്തുവും കന്യാസ്ത്രീകളും പങ്കെടുക്കുന്ന ഒരു സറിയലിസ്റ്റിക് രംഗമാണത്. കഥാസന്ദർഭം പറഞ്ഞപ്പോൾ അരമണിക്കൂർ ദൈർഘ്യമുള്ള ഒരു ശില്പമാണ് അവർ ആവിഷ്കരിച്ചത്. പക്ഷേ, സിനിമയ്ക്ക് ഏതാനും മിനിട്ടുകളേ വേണ്ടിയിരുന്നുള്ളൂ. അരമണിക്കൂർ നൃത്തശില്പത്തെ ഒന്നും ചോർന്നുപോകാതെ ഒറ്റദിവസംകൊണ്ട് ചന്ദ്രലേഖ ആറുമിനിറ്റിലേക്ക് പുനഃസൃഷ്ടിക്കുകയായിരുന്നു. ഇന്ത്യയിലെ ഏറ്റവും മികച്ച ഒരു സ്കോളർ-ഡാൻസറായിരുന്നു ചന്ദ്രലേഖ. ഇപ്പോൾ അവരുടെ പ്രഭാഷണങ്ങളും സെമിനാർ പേപ്പറുകളുമെല്ലാം സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ സദാനന്ദ് മേനോൻ പദ്ധതിയിട്ടിട്ടുണ്ട്.

ഗോവിന്ദന്റെ സദസ്സിൽ സിനിമയും വലിയ ചർച്ചാവിഷയമായിരുന്നു. 'സ്വയംവരം' കണ്ട് ഗോവിന്ദൻ ക്ഷുഭിതനായത് ഞാനിപ്പോഴും ഓർക്കുന്നു. സിനിമയുടെ അന്ത്യരംഗത്തെക്കുറിച്ചായിരുന്നു രൂക്ഷപരിഹാസം. വേശ്യാവൃത്തിയല്ലാതെ കേരളത്തിലെ പെണ്ണുങ്ങൾക്ക് വേറൊരു വഴിയുമില്ലേ എന്നായിരുന്നു ഗോവിന്ദന്റെ ചോദ്യം. സാഹിത്യകാരനായ നായകന്റെ ദാർശനികവ്യഥ നമുക്കു മനസ്സിലാക്കാം. എന്നാൽ, നായികയും 'അന്യ'യായി സ്വയം സമൂഹത്തിൽ നിന്ന് പിൻവലിയേണ്ടതുണ്ടോ? ഇതേപ്പറ്റി ഗോവിന്ദൻ അക്കാലത്ത് എഴുതിയിരുന്നു. അടൂർഗോപാലകൃഷ്ണന്റെ 'അനന്തരം' ഒഴിച്ചുള്ള സിനിമകളെപ്പറ്റിയും എനിക്കു മതിപ്പില്ല. വെറുമൊരു ക്രാഫ്റ്റ്സ്മാൻ മാത്രമായി ഒരു ചലച്ചിത്രകാരൻ താഴുന്നത് കഷ്ടമാണ്.

### അരവിന്ദൻ എന്ന ദാർശനികൻ

എനിക്ക് അങ്ങനെ തോന്നിയിട്ടില്ല. 'എലിപ്പത്തായം' വെറും ക്രാഫ്റ്റ് മാത്രമാണോ? ഞാനതിനെ ഒരാധുനിക ഇന്ത്യൻ ക്ലാസിക് എന്നാണു വിശേഷിപ്പിക്കുക?

എന്തോ, എനിക്കങ്ങനെ തോന്നിയിട്ടില്ല. ഒരുപക്ഷേ, യാതൊരു പ്രിറ്റെൻഷനുമില്ലാത്ത അരവിന്ദന്റെ സിനിമകളുമായി താരതമ്യം ചെയ്യുന്നതുകൊണ്ടാവാം, അടൂർച്ചിത്രങ്ങളോടുള്ള എന്റെ വിയോജിപ്പ്. നൂറുശതമാനം ക്രിയേറ്റീവായ ചലച്ചിത്രകാരൻ അരവിന്ദൻ തന്നെയാണ്. ഞാനിത് എഴുതിയിട്ടുമുണ്ട്. ജോൺ എബ്രഹാമിന്റെ 'അഗ്രഹാരത്തിൽ കഴുത'യ്ക്കും അസാമാന്യമായൊരു ലാളിത്യവും ആഴവും ഉണ്ട്. അരവിന്ദന്റെ 'പോക്കുവെയിലിൽ' എന്റെ ഒരു സ്വപ്നം അതേപടി ചേർത്തിട്ടുണ്ട്. തിളച്ച വെള്ളവുമായി ബാലചന്ദ്രൻചുള്ളിക്കാടിന്റെ കഥാപാത്രത്തിനു പിന്നാലെ ഒരു മൊട്ടത്തലയനായ തടിയൻ ഓടുന്ന രംഗമില്ലേ, അത് എന്റെ ഒരു ബാല്യകാല ദുഃസ്വപ്നമാണ്. ആ സ്വപ്നത്തെക്കുറിച്ചു കേട്ടപ്പോൾ, അതൊരു സിനിമയിൽ ഉപയോഗിക്കാൻ പോവുകയാണെന്നും അതു കണ്ടാൽ പിന്നീടൊരിക്കലും ആ ദുഃസ്വപ്നം ശശി കാണുകയില്ലെന്നും അരവിന്ദൻ പറഞ്ഞു. 'പോക്കുവെയിൽ' കണ്ടതിനുശേഷം, നിരവധി

കാലം വേട്ടയാടിയിരുന്ന ആ ദുഃസ്വപ്നം ഞാൻ പിന്നീടു കണ്ടിട്ടില്ല. അരവിന്ദനിൽ ഒരു കലാകാരൻ മാത്രമല്ല; ഒരു ദാർശനികനും കൂടിയുണ്ടായിരുന്നു.

ടെലിവിഷനിലേക്കു തിരിച്ചുവന്നാൽ, ഇപ്പോഴത്തെ പ്രവണതകളെ എങ്ങനെ കാണുന്നു. ഒളിക്യാമറയുടെ ദുരുപയോഗം വ്യാപകമായിരിക്കുകയല്ലേ?

വ്യക്തികളുടെ ഒരു മനോവൈകല്യമായി കണ്ടിരുന്ന ഒളിഞ്ഞുനോട്ടത്തെ ടെലിവിഷൻ ഒരു അംഗീകൃത അവകാശമായി മാറ്റുകയാണ്. സദാചാര പൊലീസിന്റെ റോളിലാണ് ഒളിക്യാമറ ഇപ്പോൾ പെരുമാറുന്നത്. പൊതുജനതാല്പര്യമൊന്നുമില്ലാത്ത വ്യക്തിയുടെ സ്വകാര്യതകളിലേക്ക് അതിക്രമിച്ചുകടക്കുന്ന ടെലിവിഷന്റെ പ്രവണത എതിർക്കപ്പെടേണ്ടതാണ്. സ്വാമി നിത്യാനന്ദയുടെ കിടപ്പറരംഗങ്ങളിൽ മാദ്ധ്യമങ്ങൾക്കെന്താണു കാര്യം? ഇത് 'വോയറിസ'ത്തിന്റെ ഏറ്റവും നീചമായ ആവിഷ്കാരമാണ്. അമേരിക്കയിലോ യൂറോപ്പിലോ ആണെങ്കിൽ കോടിക്കണക്കിനു ഡോളർ ചാനലുകൾ നഷ്ടപരിഹാരം നൽകേണ്ടിവരും. ഇവിടെ നേരെ മറിച്ചാണ്. നിത്യാനന്ദയുടെ സ്വകാര്യതയിൽ അതിക്രമിച്ചുകയറിയ ചാനലുകളല്ല; സ്വാമി നിത്യാനന്ദയാണ് കേസിലെ പ്രതി. വിചിത്രമാണിത്. നമ്മുടെ സിറ്റിസൺ ജേർണലിസ്റ്റുകൾ പോലും ആവശ്യമില്ലാത്തിടങ്ങളിൽ ഒളിക്യാമറ ഉപയോഗിക്കുന്നുണ്ട്.

ബിബിസിയെപ്പോലെ ഒരു തുറന്ന പബ്ലിക് ബ്രോഡ്കാസ്റ്റിങ് ഇന്ത്യയിൽ ഇല്ലാത്തത് വലിയൊരു പരാധീനതയല്ലേ?

ശരിയാണത്. വാസ്തവത്തിൽ പി.ടി.ഐയിലൂടെ ആരംഭിക്കാനുദ്ദേശിച്ച 'ഏഷ്യാനെറ്റ്' അത്തരത്തിലൊന്നായിരുന്നു. അവരതിൽ താല്പര്യം കാണിക്കാതിരുന്നതിനാൽ സ്വന്തം നിലയിൽ ഞാൻ തുടങ്ങിയ 'ഏഷ്യാനെറ്റ്' എന്ന സ്വകാര്യ പ്രാദേശിക ചാനലും അവസാനം റൂപ്പെർട്ട് മർഡോക്കിന്റെ കൈകളിലെത്തി. എന്നാലും ഞാൻ പബ്ലിക് സർവീസ് ബ്രോഡ്കാസ്റ്റിന്റെ സാദ്ധ്യത തള്ളിക്കളയുന്നില്ല. അടുത്തകാലത്ത് പ്രധാനമന്ത്രിയുടെ ഓഫീസ് രൂപീകരിച്ച `Empowered Committee on Information, Communication and Technology'യിൽ ഞാനും ഒരംഗമാണ്.

ബിബിസി പോലെ ഒരു ഇന്റർനാഷണൽ ടി.വി ചാനൽ തുടങ്ങാനുള്ള ആലോചനയുടെ ഭാഗമായി വിശദമായൊരു പ്രൊപ്പോസൽ ഞാൻ എഴുതി നൽകിയിട്ടുണ്ട്. സാമ്പത്തികമാന്ദ്യം വന്നതോടെ കമ്മിറ്റിയുടെ പ്രവർത്തനം മന്ദഗതിയിലായെങ്കിലും അത് പിരിച്ചുവിട്ടിട്ടില്ല. വെസ്റ്റ് ഏഷ്യയ്ക്ക് 'അൽജസീറ'യും ലാറ്റിനമേരിക്കയ്ക്ക് 'ടെലിസുറ'യും യൂറോപ്പിന് ബിബിസിയും പോലെ ഏഷ്യയ്ക്കുവേണ്ടി സംസാരിക്കുന്ന ഒരു ചാനൽ ഇന്ത്യ തന്നെയാണ് തുടങ്ങേണ്ടത്. അതു നടന്നാൽ, ലോകത്തിന്റെ മുന്നിൽ ഇന്ത്യയ്ക്ക് വലിയൊരു 'പ്ലാറ്റ്ഫോം' ലഭിക്കും. അതു ചിലപ്പോൾ നടന്നേക്കാം. ■